# കേരള സർവകലാശാല

നം. പി.ആർ.176/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
### എസ്.സി/എസിടി. സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 9–നും 10–നും.

2017–18–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിലും, തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിലും ആഗസ്റ്റ് 9–ന് ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും ആഗസ്റ്റ് 10–ന് ഹാജരാകേണ്ടതാണ്.
രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിർബന്ധമായും നിശ്ചിത സമയത്തിനകം റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
### യു.ഐ.ടി.കളിലെ എസ്.സി/എസിടി. ഫീസ്

കേരള സർവകലാശാലയുടെ യു.ഐ.ടി.കളിൽ പ്രവേശനം നേടുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് സർക്കാർ/എയ്ഡഡ് കോളേജുകളിൽ ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

### ബി.ബി.എ (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷാ കേന്ദ്രങ്ങൾ

കേരള സർവകലാശാല ആഗസ്റ്റ് 23–ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ബി.എ പരീക്ഷയ്ക്ക് തിരുവനന്തപുരം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥി കൾ പാളയം സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ കേന്ദ്രത്തിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതേണ്ടതാണ്. കൊല്ലം പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ചാത്തന്നൂർ എസ്.എൻ കോളേജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്. ആലപ്പുഴ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ കോളേജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ പരീക്ഷ എഴുതേണ്ടതാണ്.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സ് പരീക്ഷ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ് ബാച്ച്) കോഴ്സിന്റെ പരീക്ഷ ആഗസ്റ്റ് 24, 25 തീയതികളിൽ പി.എം.ജി-യിലുള്ള സി.എ.സി.ഇ.ഇ ഓഫീസിൽ നടക്കും. പരീക്ഷാഫീസ് 570 രൂപ. പിഴ കൂടാതെ ആഗസ്റ്റ് ഒമ്പത് (50 രൂപ പിഴയോടെ ആഗസ്റ്റ് 14, 250 രൂപ പിഴയോടെ ആഗസ്റ്റ് 19) വരെ ഫീസടച്ച് അപേക്ഷിക്കാം. ഫോൺ: 0471-2302523.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സ് ഫലം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിന്റെ ജൂണിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ദേവകി രാജേന്ദ്രൻ (രജി.നമ്പർ 11167) ഒന്നാം റാങ്ക് നേടി. ഫോൺ: 0471-2302523.

## ലക്ചറർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം കംപ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫർമാറ്റിക്സ് പഠനവകുപ്പിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ആഗസ്റ്റ് 14 വൈകീട്ട് 5 മണി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## റിസർച്ച് അസോസിയേറ്റ്, ജൂനിയർ റിസർച്ച് ഫെലോ, സെക്രട്ടേറിയൽ അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാച്വറൽ റിസോഴ്സസ് മാനേജ്മെന്റിൽ റിസർച്ച് അസോസിയേറ്റ്, ജൂനിയർ റിസർച്ച് ഫെലോ, സെക്രട്ടേറിയൽ അസിസ്റ്റന്റ് ഒഴിവുകളിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 16. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും

## റിസർച്ച് അസോസിയേറ്റ്, ഫീൽഡ് അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജിയിൽ റിസർച്ച് അസോസിയേറ്റ്, ഫീൽഡ് അസിസ്റ്റന്റ്/ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവിലേക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 16. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in.) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ബി.ബി.എ ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ആറാം സെമസ്റ്റർ ബി.ബി.എ (എസ്.ഡി.ഇ) ഇന്റേണൽ മാർക്ക് പാളയം എസ്.ഡി.ഇയിൽ

പ്രസിദ്ധീകരിച്ചു. പരാതിയുള്ളവർ കോർഡിനേറ്ററെ അറിയിക്കണം. ഫോൺ: 9995232929.

## ബി. ടെക് വർക്ക്ഷോപ്പ് പരീക്ഷാകേന്ദ്രങ്ങൾ

കേരള സർവകലാശാലയുടെ കമ്പയിണ്ട് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് നവം ബർ 2016 (2013 സ്കീം), ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് പരീക്ഷ ആഗസ്റ്റ് 9, 10 തീയതികളിൽ രാവിലെ 9.30–ന് തിരുവന ന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും, കൊല്ലം ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും നടക്കും. പ്രസ്തുത ലാബ് പരീ ക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സി.ഇ.ടി, എസ്.ഇ.ടി, കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജ്, പൂജപ്പുര എൽ.ബി.എസ്, കഴക്കൂട്ടം മറൈൻ കോളേജ് ഓഫ് എഞ്ചി നീയറിംഗ്, ആനാട് മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കുറ്റിച്ചൽ ലൂർദ്സ് മാതാ കോളേജ്, നെയ്യാറ്റിൻകര പി.ആർ.എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കണ്ണമ്മൂല ജോൺ കോക്സ്, നെടുമങ്ങാട് ഹീര കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാട്ടായികോണം സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി, ചിറയിൻകീഴ് മുസലി യാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പൂവാട ട്രിനിറ്റി കോളേജ് ഓഫ് എഞ്ചി നീയറിംഗ്, തിരുവനന്തപുരം എ.സി.ഇ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾ സി.ഇ.ടിയിലും ടി.കെ.എം, ശാസ്താംകോട്ട ബി.എം.സി, കടയ്ക്കൽ എസ്.എച്ച്.എം, കൊല്ലം വടക്കേവിള യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, നൂറനാട് അർച്ചന കോളേജ്, അരിപ്പ ഹിന്ദുസ്ഥാൻ കോളേജ്, കൊഴുവല്ലൂർ മൗണ്ട് സിയോൺ കോളേജ് ഫോർ വിമൻ, നഗരൂർ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട്, പാരിപ്പള്ളി യു.കെ.എഫ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചാവർകോട് വലിയ കൂനംഭായികുളത്തമ്മ എഞ്ചിനീയറിംഗ് & ടെക്നോളജി, ആലപ്പുഴ ശ്രീ വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊഴുവല്ലൂർ സെന്റ് തോമസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോ ളജി, കണ്ണനല്ലൂർ യൂനുസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ കോളേ ജിലെ വിദ്യാർത്ഥികൾ ടി.കെ.എം കോളേജിലും പ്രസ്തുത ലാബ് പരീക്ഷക്ക് ഹാജരാകണം.

തിരുവനന്തപുരം.
05.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ